18 (*104) ഓടകളുടെയും റോഡുകളുടെയും നവീകരണം

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓടകളുടെയും റോഡുകളുടെയും നവീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് റോഡുകളോട് അനുബന്ധിച്ചിട്ടുള്ള ഓടകളിൽ വീണ് ആളുകൾ മരിക്കുകയും പരിക്കേൽക്കുകയും ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഓടകൾ സമയബന്ധിതമായി നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ)-(സി) റോഡുകൾ നവീകരിക്കുമ്പോൾ അവയോട് ചേർന്നുള്ള ഓടകളും ചിലയവസരങ്ങളിൽ ഓടകൾ പ്രത്യേകമായും നിർമ്മിക്കുന്നതാണ്. ഓടകൾ അത്യാവശ്യം വേണ്ടുന്നിടങ്ങളിൽ അവ പണിയുന്നതിന് അനുമതി നൽകി വരുന്നുണ്ട്.

19 (*105) എൻട്രൻസ് പരീക്ഷ കാര്യക്ഷമമാക്കുന്നതിന് നടപടി

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :

ശ്രീമതി എൻ.കെ. രാധ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് പ്രവേശനത്തിനുവേണ്ടി നടത്തുന്ന എൻട്രൻസ് പരീക്ഷ കുറ്റമറ്റതും സുതാര്യമായി നടത്തുവാൻ സർക്കാർ എന്തെല്ലാം സംവിധാനമാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എൻട്രൻസ് പരീക്ഷ നടത്തിപ്പിനുവേണ്ടി സർക്കാർ ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കമ്മിറ്റി എൻട്രൻസ് പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ശുപാർശകൾ നടപ്പിലാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ;

(ജി) അടുത്ത വർഷം മുതൽ എൻട്രൻസ് പരീക്ഷാ നടത്തിപ്പ് കുറ്റമറ്റതാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

LIBRARY ARCHIVES Kerala Legislative Assembly